"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം നഗരസഭ 11.06.2024 ൽ ചേർന്ന കൗൺസിൽ യോഗത്തിലെ 20-ാം നമ്പർ അജണ്ടയിലെ തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ടുള്ള ഉത്തരവ്- റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2193/2024/LSGD തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:-

1. 2003-ലെ പഞ്ചായത്ത് രാജ് ആക്ട് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം)
2. 11.06.2024 ൽ നടന്ന സാധാരണയോഗത്തിലെ 20-ാം നമ്പർ അജണ്ടയുടെ കൗൺസിൽ തീരുമാനം
3. നഗരസഭാ കൗൺസിലർ ജോസ് പള്ളിക്കുന്നേൽ 12.06.2024 ൽ സമർപ്പിച്ച വിയോജനക്കുറിപ്പ്
4 കോട്ടയം നഗരസഭ സെക്രട്ടറിയുടെ 20/6/2024 ലെ ജി4/1607/2009
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 11.07.2024 ലെ LSGD/PD/24327/2024/AR4 നം. കത്ത്
6. 03.10.2024 ലെ സ.ഉ.(സാധാ) നം.1838/2024/LSGD ഉത്തരവ്
7 നഗരസഭ കൗൺസിലിന്റെ 06/11/2024 ലെ 17(2) തീരുമാനം.
8. കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 07.11.2024 ലെ G12-21182/2023 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം നഗരസഭയിൽ 2023-24 വാർഷിക പദ്ധതി പ്രകാരം പൂർത്തീകരിക്കാൻ സാധിക്കാത്തതും, 2024-25 വാർഷിക പദ്ധതിയിൽ കൂടേണ്ടതുമായ സ്പിൽ ഓവർ പ്രോജക്ടുകളുടെ ലിസ്റ്റ് അതാത് മേഖലകളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയിട്ടുള്ളതും, ബന്ധപ്പെട്ട സ്റ്റാൻ്റിംഗ് കമ്മിറ്റികൾ അംഗീകരിച്ചിട്ടുള്ളതുമായ സ്പിൽ ഓവർ പദ്ധതികളുടെ ലിസ്റ്റ് കൗൺസിൽ അംഗങ്ങൾ യോഗത്തിൽ ഉന്നയിച്ചിട്ടുള്ള ഭേദഗതികളോടെ പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയുണ്ടായി. മേൽ തീരുമാനത്തിനെതിരെ പരാമർശം (3) പ്രകാരം വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചുകൊണ്ട് തുടർനടപടിയ്ക്കായി കോട്ടയം നഗരസഭ സെക്രട്ടറിയുടെ പരാമർശം (4) ലെ അപേക്ഷ പ്രകാരം

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി. തുടർന്ന് പരാമർശം (5) പ്രകാരം ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ പരാമർശം (1) ലെ ചട്ടം 191 (2) ൽ പറയും പ്രകാരം വിഷയം 271-ജി പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതായതിനാൽ ചട്ടം 191(4) പ്രകാരം സർക്കാരിൽ നിന്നും ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ കോട്ടയം നഗരസഭയുടെ 11.06.2024 തീയതിയിലെ 20-ാം നമ്പർ അജണ്ടയിലെ തീരുമാനം റദ്ദ് ചെയ്തുകൊണ്ട് പരാമർശം (6) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കോട്ടയം നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ള ഉത്തരവ് നടപടികൾ പുനപരിശോധിക്കണമെന്നും, പ്രസ്തുത പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ നഗരസഭ കൗൺസിൽ പരാമർശം (7) പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം നഗരസഭാ സെക്രട്ടറി ഇക്കാര്യം പരാമർശം (8) പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം നഗരസഭാ കൗൺസിലിന്റെ പരാമർശം (7) ലെ തീരുമാനം കണക്കിലെടുത്തുകൊണ്ടും, കോട്ടയം നഗരസഭാ സെക്രട്ടറിയുടെ പരാമർശം (8) ലെ കത്തിന്റെ അടിസ്ഥാനത്തിലും ഇത്തരം വീഴ്ചകൾ ഭാവിയിൽ വരുത്തരുതെന്ന കർശന നിർദ്ദേശത്തോടെ പരാമർശം (6) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ് പാളയം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, കോട്ടയം നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (LSGD -DB1/296/2024)

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
Date: 13-11-2024 21:09:43
സെക്ഷൻ ഓഫീസർ